**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 609** **30-01-2024 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | മറുപടി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദമാക്കുമോ? | (ബി) | എ പിരിവിലെ മറുപടി ദയവായി കണ്ടാലും |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | കോട്ടയം ജില്ലയിൽ സ്ഥിതി ചെയ്യുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയിട്ടുള്ള നവീകരണ പ്രവർത്തനങ്ങൾ |
|---|---|---|
| 1. | ട്രാവൻകൂർ സിമെൻറ്സ് ലിമിറ്റഡ് | സ്ഥാപനത്തിൽ നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2023-24 സാമ്പത്തിക വർഷത്തിൽ 4.98 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതികൾക്കുള്ള ടെണ്ടർ നടപടിക്രമങ്ങൾ നടപ്പിലാക്കി വരുന്നു. |
| 2. | കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് | കമ്പനി സംസ്ഥാന സർക്കാർ ഏറ്റെടുത്തതിനു ശേഷം നവീകരണത്തിന്റെ ഭാഗമായി 34.03 കോടി രൂപ മുടക്കി 5 മാസം കൊണ്ട് പൂർത്തിയാക്കുന്ന ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് 2022 ജനുവരി ഒന്നിന് തുടക്കംകുറിച്ചു . ഒന്നാം ഘട്ടത്തിൽ Paper Machine, Deinking Plant, Power Boilers and Turbine |

| | | |
|---|---|---|
| | | Generators - ഉം അനുബന്ധ സൗകര്യങ്ങളും പുനഃരുദ്ധരിച്ചു.<br><br>രണ്ടാം ഘട്ട പ്രവർത്തനങ്ങൾ 6 മാസം കൊണ്ട് 44.94 കോടി രൂപ മുതൽമുടക്കിൽ പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായതോടുകൂടി നിലവിലുള്ള മുഴുവൻ പ്ലാന്റുകളും പൂർണതോതിൽ പ്രവർത്തനക്ഷമമായി ഉൽപ്പാദനം ആരംഭിച്ചു. |
| 3. | പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് (ടെക്സ്ഫെഡിന്റെ മെംബർ സ്ഥാപനം) | പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി Humidification Plant, Automatic Waste Evacuation System, Carding Machine Plant എന്നിവ നവീകരിക്കുന്നതിനും Yarn conditioning Plant സ്ഥാപിക്കുന്നതിനും സാധിച്ചു. |
| 4. | കോട്ടയം ടെക്സ്റ്റയിൽസ് (കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ യൂണിറ്റ്) | കോട്ടയം ടെക്സ്റ്റയിൽസിന്റെ നവീകരണത്തിനായി മാസ്റ്റർ പ്ലാൻ പദ്ധതിയിൽ 59.05 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം രണ്ട് മെഷീനും, |

| | | |
|---|---|---|
| | | അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി ആദ്യ ഗഡുവായി 15.15 കോടി രൂപയുടെ ഭരണാനുമതി 2022-23 വർഷത്തിൽ നൽകി. |
| 5. | കേരള റബ്ബർ ലിമിറ്റഡ് | കേരള റബ്ബർ ലിമിറ്റഡ് വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ